പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1247 — 30. 09. 2011 ലെ മറുപടിക്ക്

എംപ്ലോയ്മെൻറ് കാർഡ് സീനിയോറിറ്റി പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് രജിസ് ട്രേഷൻ റദ്ദായ ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകുവാൻ ഉത്തരവായെങ്കിലും തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ യഥാസമയം കാർഡ് പുതുക്കി നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രത്യേക പുതുക്കലിനായിട്ടുള്ള ഉത്തരവിൻ പ്രകാരം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആകെ 4798 അപേക്ഷകൾ ലഭിച്ചു. ആദ്യം ലഭിച്ച അപേക്ഷകൾ അതാതു ദിവസം തന്നെ പുതുക്കി നൽകിയിരുന്നു. എന്നാൽ അപേക്ഷകളുടെ എണ്ണം വർദ്ധിച്ച് അതാത് ദിവസം തന്നെ പുതുക്കി നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ ആയവ തപാലിൽ രേഖപ്പെടുത്തി മറ്റൊരു തീയതിയിൽ പുതുക്കി നൽകുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. |
| ബി) തിരുവനന്തപുരം ജില്ലയിൽ 2011 ഓഗസ്റ്റ് 31 വരെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം ഇതുവരെ പുതുക്കി നൽകി; പുതുക്കി നൽകാത്തവ എത്ര; കാരണം വിശദമാക്കാമോ; | ബി) | തിരുവനന്തപുരം ജില്ലയിൽ ആകെ 4798 അപേക്ഷകൾ ലഭിച്ചതിൽ 4019 അപേക്ഷകളിൽ നടപടി സ്വീകരിച്ചു. ഇനി 779 എണ്ണം പുതുക്കി നൽകുവാനുണ്ട്. ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡ് ഹാജരാക്കാത്തതും, വർഷങ്ങളോളം പഴക്കമുള്ള രജിസ്ട്രേഷൻ രേഖകൾ കണ്ടു കിട്ടാത്തതും, ഈ പ്രത്യേക പുതുക്കൽ ആനുകൂല്യം നൽകിയ കാലയളവിൽ SSLC കഴിഞ്ഞ ധാരാളം കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സമയമായിരുന്നതിനാലും മറ്റ് സമയങ്ങളെ അപേക്ഷിച്ച് ഈ കാലയളവിൽ രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് കൂട്ടിച്ചേർക്കൽ എന്നിവ ധാരാളം ഉണ്ടായിരുന്നതിനാലും ചില ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ |

| | |
|---|---|
| | രേഖകൾ ലഭ്യമല്ലാതെ വന്നതിനാൽ അസൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ അത് ഹാജരാക്കാതിരുന്നതിനാലും രജിസ്ട്രേഷൻ അപ്പോൾ തന്നെ പുതുക്കി നൽകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| സി) പുതുക്കാൻ തീയതി വച്ച് നൽകിയത് കാരണം, പ്രായ പരിധി കഴിഞ്ഞ്, സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് പുറത്താകാൻ സാധ്യതയുള്ളവർ എത്രയാണ്; വിശദ വിവരം നൽകുമോ; | സി) സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്ന ഉദ്യോഗാർത്ഥികളെ മൂന്ന് മാസത്തിനുശേഷം മാത്രമേ സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടുത്തി ഒഴിവുകൾക്ക് പരിഗണിക്കുകയുള്ളൂ. ആയതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പുറത്താകാൻ സാധ്യതയുള്ള ആരും തന്നെയില്ല. |
| ഡി) തിരുവനന്തപുരത്ത് ഇത്തരം സ്ഥിതിയുണ്ടാകാൻ കാരണമെന്തെന്ന് അറിയിക്കുമോ ? | ഡി) കൂടുതൽ ഉദ്യോഗാർത്ഥികൾ സൗജന്യ പുതുക്കലിന് അപേക്ഷിച്ചതു മുഖാന്തിരമാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. എല്ലാ പുതുക്കൽ കേസുകളിലും സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ